ജില്ലയിൽ ഭൂസർവ്വേ നടക്കുകയാണ്. ഉദ്ദേശം 1000 ഏക്കർ ഭൂമി സർവ്വെ നടത്തിക്കഴിഞ്ഞു. പദ്ധതിയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കിൽ ബോർഡ് വാങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി)

1. വെസ്റ്റ് കല്ലട പദ്ധതി : പദ്ധതി നിക്ഷേപം എൻ.എച്ച്.പി.സി.യാണ് ചെയ്യുന്നത്. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കെ.എസ്.ഇ.ആർ.സി. നിശ്ചയിക്കുന്ന താരിഫ് നൽകിയാൽ മതി.

2. സോളാർ പാർക്ക് : പദ്ധതിക്കാവശ്യമായ മൂലധനം മുടക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കേണ്ടത് മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. എന്നാൽ പദ്ധതിക്കായി 40 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും സഹായധനമായി ലഭിക്കുന്നതാണ്. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ വാങ്ങുക എന്നതാണ് കെ.എസ്.ഇ.ബി. -യുടെ ഉത്തരവാദിത്തം.

(ഡി)

1. വെസ്റ്റ് കല്ലട പദ്ധതി : മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ചേർത്ത ധാരണാപത്രം എൻ.എച്ച്.പി.സി.യും കെ.എസ്.ഇ.ബി.-യും ചേർന്ന് 7-5-2014-ൽ ഒപ്പുവച്ചിട്ടുണ്ട്.

2. സോളാർ പാർക്ക് : കെ.എസ്.ഇ.ബി.എൽ., കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇറിഡയും ടി.എച്ച്.ഡി.സി.ഐ.എൽ.-യുമായി 50 മെഗാവാട്ട് വീതമുള്ള പദ്ധതികൾ സോളാർ പാർക്കിനുള്ളിൽ നടപ്പിലാക്കുവാനായി പ്രാരംഭകരാർ ഒപ്പിട്ടിട്ടുണ്ട്. ബാക്കിയുള്ള 100 മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് പ്രകാരമുള്ള പദ്ധതി അനുമതി നൽകുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ പരിഗണനയിലാണ്.

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ്

27 (372) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി അണക്കെട്ടിലെ ഇപ്പോഴത്തെ ജലനിരപ്പ് എത്ര ; ഇതിന് മുൻവർഷത്തിൽനിന്നുള്ള വ്യത്യാസം എത്ര ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷത്തെ വേനൽ മഴയിൽ ജലനിരപ്പിൽ വന്ന വ്യത്യാസം എത്ര ; ഇത് മുൻ വർഷത്തേതിൽ നിന്നും എത്ര അടി കൂടുതലാണ് ; വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ നാലുവർഷത്തിനിടയിൽ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് വേനൽ മഴ ഏറ്റവും കൂടുതൽ ലഭിച്ചത് ഏതു വർഷമാണ് ; വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇടുക്കി ജലസംഭരണിയിൽ 2-6-2015-ലെ ജലനിരപ്പ് 2334.30 അടിയാണ്. കഴിഞ്ഞ ഇതേ ദിവസം ജലനിരപ്പ് 2316.06 അടിയായിരുന്നു. വ്യത്യാസം 18.24 അടി കൂടുതലാണ്.

(ബി) 2015-ലെ വേനൽ മഴയിൽ 4357.54 Mcft ജലം ഒഴുകിയെത്തി. 2014-ൽ ഈ കാലയളവിൽ 2624.04 Mcft ജലമാണ് ഒഴുകിയെത്തിയത്. 2014-നെ അപേക്ഷിച്ച് 1733.41 Mcft ജലം ഈ വർഷം കൂടുതലായി ഒഴുകിയെത്തി. ഈ വ്യത്യാസം ജലനിരപ്പ് 4.6 അടി ഉയരാൻ പര്യാപ്തമാണ്.

(സി) 2015-ൽ (494.10 Mm മഴ ലഭിച്ചു) ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ മഴയാണ് വേനൽമഴയായി കണക്കാക്കുന്നത്.

വൈദ്യുതി ഉൽപ്പാദനം

28 (373) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി ;

(ബി) എങ്കിൽ ഏതെല്ലാം ബൃഹത് പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കിയത് ;

(സി) ഇതിലെ ഓരോ പദ്ധതികളിൽനിന്നും പ്രതീക്ഷിച്ച ഊർജ്ജ ഉൽപ്പാദനം എത്രയെന്നും ലഭിച്ചതെത്രയെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly